പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2812 | 10.07.2015 ൽ മറുപടിയ്ക്ക് |
|---|---|
| അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം | |
| ചോദ്യം | ഉത്തരം |
| ശ്രീ.മുല്ലക്കര രത്നാകരൻ | ഡോ. എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ അംഗൻവാടികളിൽ എത്ര കുട്ടികൾ പരിചരിക്കപ്പെടുന്നു എന്ന് വെളിപ്പെടുത്താമോ; | (എ) സംസ്ഥാനത്തെ അങ്കണവാടികളിൽ ആകെ 7,99,771 കുട്ടികൾ പരിചരിക്കപ്പെടുന്നു. |
| (ബി) സ്വന്തമായി കെട്ടിടമില്ലാത്ത എത്ര അംഗൻവാടികൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ; | (ബി) സംസ്ഥാനത്താകെയായി സ്വന്തമായി കെട്ടിടമില്ലാത്ത 10165 അങ്കണവാടികൾ നിലവിലുണ്ട്. |
| (സി) ഇവയ്ക്ക് സ്ഥിരം കെട്ടിടം ഉണ്ടാക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ? | (സി) സ്വന്തമായി കെട്ടിടമില്ലാത്തതും എന്നാൽ കെട്ടിടം നിർമ്മിക്കുന്നതിന് സ്വന്തമായി സ്ഥലമുള്ളതുമായ അങ്കണവാടികൾക്ക് സംസ്ഥാന പ്ലാൻ ഫണ്ട്, NABARD - RIDF പദ്ധതി, മാതൃകാ അങ്കണവാടി പദ്ധതി, കേന്ദ്ര ഫണ്ട് എന്നിവ ഉപയോഗിച്ച് കെട്ടിടങ്ങൾ നിർമ്മിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ